Page 1 of 2

രണ്ടാം ഘട്ടമായി കാക്കനാടും ചവറയിലും ഓരോ ടെർമിനലുകൾ നിർമ്മിക്കുവാൻ നടപടി IWAI സ്വീകരിക്കുന്നതാണ്. ഇതിനുപുറമെ ബോൾഗാട്ടിയിലും വെല്ലിംഗ്ടൺ ദ്വീപിലും ടെർമിനൽ സൗകര്യം ലഭ്യമാണ്.

(ഡി) മിഷൻ 676 സ്വപ്നപദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്ന് ചെയ്യേണ്ട എല്ലാവിധനടപടികളും സ്വീകരിച്ച് ഈ പദ്ധതി നടപ്പാക്കുന്ന IWAI വഴി 2014 ഡിസംബറിൽ പണി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

## ഉൾനാടൻ ജലഗതാഗതം

217 (2503) ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉൾനാടൻ ജലഗതാഗതം വർദ്ധിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ് ; വിശദാംശം നൽകുമോ ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്. കേരളത്തിലെ ദേശീയ ജലപാതയായ കൊല്ലം-കോട്ടപ്പുറം പാതയുടെ തെക്കോട്ടുള്ള ജലപാതയായ കോവളംമുതൽ കൊല്ലം വരെയും വടക്കോട്ടുള്ള കോട്ടപ്പുറം മുതൽ നീലേശ്വരംവരെയുള്ള പാതകൾ സംസ്ഥാന ജലപാതയുടെ മാനദണ്ഡങ്ങളനുസരിച്ച് വികസിപ്പിക്കുന്നതിന് 13-ാം ധനകാര്യ കമ്മീഷൻ സഹായത്തോടെയും, നബാർഡ് ധനസഹായത്തോടെയും, സംസ്ഥാന ഫണ്ടുപയോഗിച്ചും പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന ജലപാത നീലേശ്വരത്തുനിന്നും ഹോസ്ദുർഗ്ഗ്വരെ ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തിലെ ജലപാത ചരക്കു ഗതാഗതത്തിനും വിനോദ സഞ്ചാരത്തിനും മറ്റു യാത്രാ ആവശ്യങ്ങൾക്കും ഉതകുന്ന വിധം വികസിപ്പിച്ചെടുക്കുകയാണ് ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യം. ചരക്കു ഗതാഗതം ഭൂരിഭാഗവും ജലമാർഗ്ഗം നടത്താവുന്നതാണ്. അതുവഴി കരമാർഗ്ഗമുള്ള ഗതാഗതകുരുക്കുകൾ ഒഴിവാക്കാൻ സാധിക്കും. ചിലവുകുറഞ്ഞതും, പരിസ്ഥിതിക്ക് കൂടുതൽ അനുയോജ്യവും, ടൂറിസം വികസന സാദ്ധ്യത വർദ്ധിപ്പിച്ചുമുള്ളതും, മലിനീകരണം കുറഞ്ഞതും ആയ ഗതാഗതം, ജലപാതയുടെ വികസനംമൂലം സാദ്ധ്യമാകുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly

(സി) കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ജലപാതയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ എല്ലാം തന്നെ കേന്ദ്ര സർക്കാർ ഏജൻസിയായ ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) ആണ് ഏറ്റെടുത്ത് നടത്തിവരുന്നത്. കോവളം മുതൽ കൊല്ലം വരെയും കോട്ടപ്പുറം മുതൽ നീലേശ്വരം വരെയുമുള്ള ജലപാതയുടെ വികസനം ജലസേചനവകുപ്പിന്റെ അധീനതയിലുള്ള ഉൾനാടൻ ജലഗതാഗത കാര്യാലയത്തിന്റെ മേൽനോട്ടത്തിലാണ് നടത്തുന്നത്. 13-ാം ധനകാര്യ കമ്മീഷൻ, നബാർഡ് ധനസഹായം, സ്റ്റേറ്റ് ഫണ്ട് എന്നിവ ഉപയോഗിച്ചാണ് പ്രവൃത്തികൾ നടത്തിവരുന്നത്.

(ഡി) കോവളം മുതൽ കൊല്ലം വരെയും കോട്ടപ്പുറം മുതൽ നീലേശ്വരം വരെയും ഉള്ള സംസ്ഥാന ജലപാത വികസിപ്പിക്കുന്നതിനായി 13-ാം ധനകാര്യ കമ്മീഷൻ ധനസഹായത്തോടെയും, നബാർഡ് സഹായത്തോടെയും, സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ചും പല പ്രവൃത്തികൾ നടന്നുവരുന്നു. കൊല്ലം-കോവളം പാതയുടെ വികസനത്തിന്റെ ഭാഗമായി കൊല്ലം തോടിന്റെയും, ശിവഗിരി മുതൽ നടയറ വരെയുള്ള ഭാഗത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കോട്ടപ്പുറം-നീലേശ്വരം സംസ്ഥാന പാത വികസനത്തിന്റെ ഭാഗമായി 17.61 കി.മീ. നീളമുള്ള വടകര-മാഹി കനാലിന്റെ നിർമ്മാണം മേൽപറഞ്ഞ ധനസഹായങ്ങളുപയോഗിച്ച് നടത്തിവരുന്നു. മാഹി-വളപട്ടണം ഭാഗത്തെ പുനരുദ്ധാരണത്തിനായി പര്യവേഷണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. പ്രസ്തുത ഭാഗത്തിന്റെ തുടർ പ്രവൃത്തികൾ നടത്തുന്നതിനായി ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. കൂടാതെ താനൂർ-കൂട്ടായി കനാലിന്റെയും E.K കനാലിന്റെയും B.K. കനാലിന്റെയും, സംസ്ഥാന ജലപാതയിലെത്തുന്ന വിവിധ പോഷക കനാലുകളുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു.

### ഭൂജല വകുപ്പിലെ വർക്കിംഗ് അറേഞ്ച്മെന്റ് നിയമനങ്ങൾ

**218 (2504)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂജലവകുപ്പിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ നിലവിൽ എത്ര ഉദ്യോഗസ്ഥരാണ് ജോലിചെയ്യുന്നതെന്ന് ജില്ലയും തസ്തികയും തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇതുമൂലം അവരുടെ മാതൃസ്ഥാപനങ്ങളിൽ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly